# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ്)

തിരുവനന്തപുരം.

ഉത്തരവ് നം. ഇ5-7867/2019 തീയതി.26.10.2019.

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ഉഷ. വി, ക്ലാർക്ക്, ഐ.സി.ഡി.എസ് വർക്കല (അഡീഷണൽ) - അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. വർക്കല അഡീഷണൽ സി.ഡി.പി.ഒ യുടെ 24.06.2019 ലെ ICDS/VRK(a)/A-246/2019 നം. കത്ത്.
2. സാമൂഹ്യനീതി ഡയറക്ടർ 11.07.2019 ൽ പുറപ്പെടുവിച്ച ഇതേ നം. മെമ്മോ.
3. ശ്രീമതി. ഉഷ, ക്ലാർക്ക് 26.07.2019 ൽ സമർപ്പിച്ച മറുപടി.
4. സാമൂഹ്യനീതി ഡയറക്ടറുടെ 05.10.2019 ലെ ഇതേ നം. ഉത്തരവ്.
5. ചിറയിൻകീഴ് സി.ഡി.പി.ഒ യുടെ 09.10.2019 ലെ 566/19/ICDS/CKL നം. കത്ത്.

വർക്കല അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ ക്ലർക്കായ ശ്രീമതി. ഉഷ ഓഫീസിൽ ഹാജരാകാതിരിക്കുന്നതിനാൽ ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുവെന്നും, തന്മൂലം അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഹോണറേറിയം മാറി നൽകാൻ കഴിയാത്ത സാഹചര്യമാണെന്നും, ഇത് അങ്കണവാടി പ്രവർത്തകരിൽ നിന്നും പ്രതിഷേധത്തിന് കാരണമാകുമെന്നതിനാൽ ഒരു ക്ലർക്കിന്റെ സേവനം വർക്കല അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലേയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ഇതിനെ തുടർന്ന് ശ്രീമതി. ഉഷ, ക്ലാർക്കിന് പരാമർശം (2) പ്രകാരം മെമ്മോ നൽകുകയുണ്ടായി. ആയതിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിക്കുകയുണ്ടായി. ആയതിന്മേൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. വർക്കല ഐ.സി.ഡി.എസ് (അഡീഷണൽ) പ്രോജക്ടിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി ഏറ്റവും സമീപമുള്ളതും, നിലവിൽ രണ്ട് ക്ലർക്കുമാർ ജോലി ചെയ്യുന്നതുമായ ചിറയിൻകീഴ് ഐ.സി.ഡി.എസ് പ്രോജക്ടിലെ സീനിയർ ക്ലർക്കായ ശ്രീമതി. ബിന്ദുകുമാരിയെ വർക്കല അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലേയ്ക്ക് താൽകാലികമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ചിറയിൻകീഴ് പ്രോജക്ടിൽ നിന്നും ഒരു ക്ലാർക്കിനെ മാറ്റുന്നത് പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സമുണ്ടാകുമെന്ന് കാണിച്ച് പ്രസ്തുത ക്ലർക്കിനെ ടി പ്രോജക്ടിൽ നിലനിർത്തണമെന്ന് പരാർശം (5) പ്രകാരം ചിറയിൻകീഴ് സി.ഡി.പി.ഒ അപേക്ഷിച്ചിരുന്നു.

രണ്ടു സി.ഡി.പി.ഒ മാരുടേയും അപേക്ഷകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്കല (അഡീഷണൽ) ഐ.സി.ഡി.എസിൽ ഒരു ക്ലാർക്കുമാത്രം ഉള്ളതിനാലും ഓഫീസ് പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനുമായി ചിറയിൻകീഴ് ഐ.സി.ഡി.എസ് പ്രോജക്ടിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ബിന്ദുകുമാരി. ജി യെ വർക്കല (അഡീഷണൽ) ഐ.സി.ഡി.എസിലേയ്ക്കും, വർക്കല അഡീഷണൽ ഐ.സി.ഡി.എസിലെ ക്ലാർക്കായ ശ്രീമതി. ഉഷ. വി യെ ടിയാൾക്കെതിരായ അച്ചടക്കനടപടിയ്ക്ക് വിഘാതമാകാത്ത തരത്തിൽ ചിറയിൻകീഴ് ഐ.സി.ഡി.എസിലേയ്ക്കും ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി ഉത്തരവാകുന്നു.

വർക്കല (അഡീഷണൽ), ചിറയിൻകീഴ് സി.ഡി.പി.ഒ മാർ ടി ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ

കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജീവനക്കാർക്ക് നിയമാനുസൃതമായ യാത്രാബത്തയ്ക്കും, പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

1. ശ്രീമതി. ഉഷ.വി,
   ക്ലാർക്ക്,
   ഐ.സി.ഡി.എസ്, വർക്കല (അഡീഷണൽ)
   (സി.ഡി.പി.ഒ മുഖാന്തിരം)

2. ശ്രീമതി. ബിന്ദുകുമാരി,
   സീനിയർ ക്ലർക്ക്,
   ചിറയിൻകീഴ് ഐ.സി.ഡി.എസ്.
   (സി.ഡി.പി.ഒ മുഖാന്തിരം)

പകർപ്പ്:-

1. സി.ഡി.പി.ഒ, ഐ.സി.ഡി.എസ്, ചിറയിൻകീഴ്.
2. സി.ഡി.പി.ഒ, ഐ.സി.ഡി.എസ്, വർക്കല (അഡീ.)
3. പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം.
4. ജില്ലാ സാമൂഹ്യനീതി/ജില്ലാ വനിതാ ശിശുവികസന ഓഫീസർ, തിരുവനന്തപുരം.
5. വനിതാ ശിശുവികസന ഡയറക്ടർ, തിരുവനന്തപുരം.
6. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ.
7. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്.
8. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്